


പ്രസാധകർ:
**അമർചിത്രകഥ പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ**
തിരക്കഥ:
**ശാലിനി ശ്രീനിവാസൻ**
ചിത്രങ്ങൾ:
**സുന്ദര മൂർത്തി**
വില: **50 രൂപ**

**പ്രശസ്ത പക്ഷിശാസ്ത്രജ്ഞൻ സലീം അലിയുടെ ജീവിതകഥ അമർചിത്രകഥയായി പുറത്തിറങ്ങിയിരിക്കുന്നു. പുസ്തകം പരിചയപ്പെടുത്തുന്നു**
**റിങ്കു ഫ്രാൻസിസ്**

# ചിത്രകഥയിലെ പക്ഷിമനുഷ്യൻ

**കഥാഖ്യാനത്തിലെ** വ്യത്യസ്തത കൊണ്ടും മിഴിവാർന്ന ചിത്രങ്ങൾ കൊണ്ടും അമർചിത്രകഥകൾ എന്നും കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിച്ചിരുന്നു. പേരുപോലെ തന്നെ മരണമില്ലാത്ത ചിത്രകഥാ രൂപങ്ങളാണിവ. ബൃഹത്തായ പുരാണങ്ങളും ഇതിഹാസങ്ങളും മുതൽ ഐതിഹ്യങ്ങൾ വരെ അമർചിത്രകഥകളിലൂടെ അനായാസേന വായനക്കാരിലെത്തി. കുട്ടികളുടെ വായനാശീലവും അറിവും അന്വേഷണ ത്വരയും വർദ്ധിപ്പിക്കാനുതകുന്ന അമർചിത്രകഥകൾ മാറുന്ന കാലത്തിനൊപ്പം പുതിയ രൂപഭാവങ്ങൾ കൈവരിച്ചിരിക്കുന്നു. ഉള്ളടക്കങ്ങളുടെ വൈവിധ്യമാണ് ഇപ്പോൾ അവയുടെ മുഖ്യ ആകർഷണം. അതിൽ, ചരിത്രത്തിൽ ഇടം നേടിയ മഹദ്‌വ്യക്തികളുടെ ജീവിതകഥകൾക്കും ഇപ്പോൾ ഇടം കിട്ടിത്തുടങ്ങിയിരിക്കുന്നു. ഇന്ത്യയുടെ പക്ഷി മനുഷ്യനായ സലീം അലിയുടെ ജീവിതം അമർചിത്രകഥയായി പുറത്തിറക്കിക്കൊണ്ട് പരിസ്ഥിതി രംഗത്തുനിന്നും ആദ്യമായി ഒരു ചിത്രകഥയ്ക്ക് പ്രസാധകർ അവസരം നൽകിയിരിക്കുന്നു. അമർചിത്രകഥാ പരമ്പരയുടെ പരമ്പരാഗത വഴിയിൽ നിന്നും തികച്ചും വ്യത്യസ്തമായ കാഴ്ചവിരുന്നൊരുക്കുന്നു സലിം അലിയുടെ ഈ കഥാപുസ്തകം. പ്രകൃതിയോട് സലീം അലിയുടെ പ്രതിഭ എങ്ങനെ ഇഴുകിച്ചേർന്നിരിക്കുന്നു എന്ന് പുസ്തകത്തിന്റെ തിരക്കഥ എഴുതിയത ശാലിനി ശ്രീനിവാസന് ഹൃദ്യമായി വിശദീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സുന്ദര മൂർത്തിയുടെ ചിത്രങ്ങളും പച്ചപ്പിലേക്ക് ശരിക്കും നമ്മെ പിടിച്ചുകൊണ്ടുപോകുന്നു. പത്താം വയസ്സിൽ സമ്മാനമായി ലഭിച്ച എയർഗൺ ഉപയോഗിച്ച് പക്ഷികളെ വെടിവച്ച് വീഴ്ത്തുന്ന വിനോദത്തിൽ നിന്നും ലോകത്തിലെ എല്ലാ പക്ഷികളെയും അടുത്തറിഞ്ഞ് സ്നേഹിച്ച മനുഷ്യനിലേക്കുള്ള സലീം അലിയുടെ യാത്ര സൂക്ഷ്മമായി ഒന്നും ചോർന്നുപോകാതെ അവതരിപ്പിക്കാൻ പുസ്തകത്തിന് കഴിഞ്ഞിട്ടുണ്ട്. സലീം അലിയുടെ ജീവിതത്തിലൂടെ കടന്നുപോയി പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളുടെയും ഒരുമ അനുഭവിച്ചറിയാൻ ചിത്രകഥ അവസരമൊരുക്കുന്നു. ട്രാവൻകൂർ - കൊച്ചിൻ സർവ്വേയുടെ ഭാഗമായി സലീംഅലി കേരളത്തിലെ വനങ്ങളിലൂടെ നടത്തിയ യാത്രകളും പുസ്തകത്തിൽ പരാമർശിക്കപ്പെടുന്നുണ്ട് എന്നത് സന്തോഷമുള്ള കാര്യമാണ്. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അനാവശ്യ കടന്നുകയറ്റം പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെക്കാലത്ത് സലീം അലിയെപ്പോലെയൊരു മനുഷ്യനെ അടുത്തറിയാൻ കുട്ടികൾക്ക് ഇത്തരമൊരു അവസരം കിട്ടുന്നത് ശുഭപ്രതീക്ഷ നൽകുന്ന കാര്യമാണെന്ന് സലീം അലിയുടെ ശിഷ്യനും സലീം അലി ഫൗണ്ടേഷന്റെ പ്രവർത്തകനുമായ ഡോ. വി.എസ്. വിജയൻ പറയുന്നു. സലീം അലിയുടെ ജീവിതം കാലികമാകുന്നത് എങ്ങനെയെന്ന് വർണ്ണാഭമായ വരകളിലൂടെ പറയുന്ന പുസ്തകം തീർച്ചയായും തലമുറകൾക്ക് തന്നെ മുതൽക്കൂട്ടാകും.

